പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2162 — 01.02.2018 -ൽ മറുപടിക്ക്

## ഇ-പോസ്

| ചോദ്യം<br>**ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) സംസ്ഥാനത്തിന് കൂടുതൽ ഭക്ഷ്യ ധാന്യം അനുവദിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇതിൻമേൽ കേന്ദ്രത്തിന്റെ പ്രതികരണമെന്താണെന്ന് വ്യക്തമാക്കാമോ ; | (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്തിന് കൂടുതൽ ഭക്ഷ്യധാന്യം അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. 2010-11 മുതൽ 2012-13 വരെയുള്ള കാലയളവിലെ സംസ്ഥാനത്തെ റേഷൻ ഭക്ഷ്യധാന്യങ്ങളുടെ ഉപഭോഗത്തിന്റെ വാർഷിക ശരാശരിക്ക് അനുസൃതമായാണ് ടൈഡ് ഓവർ വിഹിതം കണക്കാക്കിയിട്ടുള്ളതെന്നും ഇതിൽ ബി.പി.എൽ അധിക വിഹിതത്തിന്റെ ഉപഭോഗം പരിഗണിച്ചിട്ടില്ലെന്നും 2000-ലെ ജനസംഖ്യ ആസ്പദമാക്കിയാണ് പ്രാരംഭ ദശയിൽ ബി.പി.എൽ വിഭാഗത്തിനുള്ള വിഹിതം നിശ്ചയിച്ചിരുന്നതെന്നും ബി.പി.എൽ വിഭാഗത്തിലേക്ക് പിന്നീട് കൂട്ടിച്ചേർക്കപ്പെട്ട കുടുംബങ്ങൾക്കു കൂടി ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്നതിനാണ് ബി.പി.എൽ അധിക വിഹിതം നല്കിയിരുന്നതെന്നും ആയതിനാലാണ് ടൈഡ് ഓവർ വിഹിതം കണക്കാക്കിയപ്പോൾ ബി.പി.എൽ അധിക വിഹിതം പരിഗണിക്കാതിരുന്നതെന്നും എല്ലാ സംസ്ഥാനങ്ങൾക്കും ഇതേ രീതി തന്നെയാണ് അവലംബിച്ചിരിക്കുന്നതെന്നും ഇതിൽ മാറ്റം വരുത്താനാകില്ലെന്നുമാണ് കേന്ദ്ര സർക്കാർ അറിയിച്ചിരുന്നത്. |
| (ബി) തുടർച്ചയായി റേഷൻ വാങ്ങാത്ത കാർഡുടമകളെ കണ്ടെത്തി അവരുടെ വിഹിതം താല്ക്കാലികമായി റദ്ദാക്കണമെന്ന് കേന്ദ്രം നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരം എത്ര കുടുംബങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളത് ; | (ബി) ഇല്ല. |
| (സി) ഇ-പോസ് മെഷീൻ സ്ഥാപിക്കുമ്പോൾ റേഷൻ വാങ്ങാത്ത കാർഡുകളുടെ വിഹിതം റേഷൻ വ്യാപാരികൾ തിരികെ നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഇത് മൊത്തമുള്ള റേഷൻ അലോട്ട്മെന്റിൽ കുറവ് വരുത്തുവാൻ ഇടയാക്കുമോ; വ്യക്തമാക്കാമോ ? | (സി) ഇല്ല. കേന്ദ്ര സർക്കാരിന്റെ അന്തിമ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും തുടർ നടപടികൾ സ്വീകരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**